*"ഭരണഭാഷ-മാതൃഭാഷ"*

**തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രകന്റെ നടപടിക്രമം, കോട്ടയം**
**നഗരാസൂത്രകന്റെ നടപടിക്രമം**

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ് – ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം – ചങ്ങനാശ്ശേരി നഗരസഭ– വാസഗൃഹം നിർമ്മാണം– കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം : 1. ചങ്ങനാശ്ശേരി നഗരസഭാ സെക്രട്ടറിയുടെ 23.03.2021, 22/12/2021- എന്നീ തീയതികളിലെ യഥാക്രമം E1-BA-265/18-19, E1-BA/74/21-22 നമ്പർ കത്തുകൾ.

2. ജില്ലാ നഗരാസൂത്രകൻ, കോട്ടയം -ന്റെ 26.07.2021 ലെ TCPKTM/219/2021-C നമ്പർ കത്ത്.

---

**ഉത്തരവ് നമ്പർ TCPKTM/05/2022-C** **തീയതി : 13/01/2022**

---

ചങ്ങനാശ്ശേരി നഗരസഭ വാഴപ്പള്ളി ഈസ്റ്റ് വില്ലേജിൽ, ബ്ലോക്ക് നമ്പർ 107, റീ സർവ്വേ നമ്പർ 9, 9-1-1 എന്നിവയിൽ ഉൾപ്പെട്ട 1075 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള പ്ലോട്ടിൽ ആകെ 351 വിസ്തീർണ്ണമുള്ള ഇരുനില (Ground Floor and First Floor) വാസഗൃഹം നിർമ്മിക്കുന്നതിന് ശ്രീ. മാത്യു ആന്റണി & ശ്രീ. മനോഷ് ആന്റണി, കല്ലുകളം (H), ചങ്ങനാശ്ശേരി കൺകറൻസ് ലഭ്യമാക്കുന്നതിന് നഗരസഭാ സെക്രട്ടറി മുഖേന ലഭ്യമാക്കിയ പരാമർശം (1) അപേക്ഷ പരിഗണിച്ച് ചങ്ങനാശ്ശേരി ഡെവലപ്മെൻറ് പ്ലാനിലെ വാണിജ്യ മേഖലയിൽ ഉൾപ്പെടുന്ന പ്ലോട്ടിലെ നിർദിഷ്ട നിർമ്മാണത്തിന് , ഡെവലപ്മെൻറ് മേഖലാ നിയന്ത്രണ ചട്ടം പാരഗ്രാഫ് 24.1, Table 24.1 ക്രമ നമ്പർ 24.1, കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 5(6)(1)(c) എന്നിവ പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കൺകറൻസ് നൽകി ഉത്തരവാകുന്നു.

1. താഴെപ്പറയുന്ന നിബന്ധനകൾ പൂർണമായും പാലിച്ചിട്ടുണ്ടെന്നും , കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (KMBR-2019) ലെ ചട്ടം 5(4) പ്രകാരം നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി / എൻ.ഓ.സി ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമാണാനുമതി / ഒക്കുപ്പേൻസി നൽകുവാൻ പാടുള്ളു.
2. കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (KMBR-2019) ലെ ചട്ടം.9(2) പ്രകാരം സ്ഥലത്തിന്റെ സ്ഥലത്തിന്റെ ഉടമസ്ഥത , സർവ്വേ നമ്പർ , വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകരുടെ നിർമാണാവകാശം, ഉടമസ്ഥാവകാശം എന്നിവയും നിർദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപെട്ടിട്ടില്ലായെന്നും ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.

3. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ പ്രവർത്തനങ്ങൾ 2008 ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967 ലെ കേരളാ ഭൂവിനിയോഗ ഉത്തരവ് എന്നിവയ്ക്ക് വിരുദ്ധമാകരുത്.
4. കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (KMBR-2019), ചട്ടം 79(1), പ്രകാരം മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ നൽകണം.
5. നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടം കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (KMBR-2019) ചാപ്റ്റർ- XX ലെ നടപടിക്രമങ്ങൾ പാലിച്ച് ക്രമവൽക്കരിക്കേണ്ടതാണ്.
6. നിർമ്മാണം കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (KMBR-2019) നും, അനുബന്ധ ഭേദഗതികൾക്കും , ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

അംഗീകരിച്ച പ്ലാൻ (1) ഉള്ളടക്കം ചെയ്യുന്നു.

കൺകറൻസ് നമ്പർ. 01/2022/KTYM)

13/1/22

**ANILKUMAR P, TP TPKTYM, O/O TP TPKTYM**

**സെക്രട്ടറി**
ചങ്ങനാശ്ശേരി നഗരസഭ (അംഗീകരിച്ച പ്ലാൻ സഹിതം)

പകർപ്പ് :

1. ശ്രീ. മാത്യു ആന്റണി & ശ്രീ.മനോഷ് ആന്റണി, കല്ലുകളം (H), ചങ്ങനാശ്ശേരി
2. കരുതൽ ഫയൽ 3. അധികം -1

S11012022

DESPATCHED
Date. 14.1.22.